മലയാള മനോരമ
ESTABLISHED 1888



മലയാള മനോരമ
ESTABLISHED 1888


# ഗ്രീൻ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം തുടങ്ങി

കോയമ്പത്തൂർ • കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഗ്രീൻ സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ് എൻവിസ് കേന്ദ്രത്തിൽ തുടങ്ങി. ക്വാളിറ്റി പ്ലാന്റിങ് മെറ്റീരിയൽ എന്ന വിഷയത്തിൽ നടത്തുന്ന ഒരു മാസത്തെ പരിശീലന പരിപാടിയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 18 ഉദ്യോഗസ്ഥർ പങ്കെടുക്കുന്നുണ്ട്. വിത്ത്, നഴ്സറി പരിപാലനം, ക്ലോണൽ വനവൽക്കരണം, നഴ്സറികളിലെ രോഗ, കീട ബാധ, വനത്തോട്ട പരിപാലനം എന്നിവയിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ പരിശീലനം നൽകും.

സ്വന്തമായി നഴ്സറി തയാറാക്കി സ്വയം തൊഴിൽ കണ്ടെത്താൻ ഉതകും വിധത്തിലാണു പരിശീലന പരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കു കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സർട്ടിഫിക്കറ്റ് നൽകും.

ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. മോഹിത് ഗീര പരിപാടി ഉദ്ഘാടനം ചെയ്തു. റിസർച്ച് കോഓർഡിനേറ്റർ ഡോ.എസ്.മുരുകേശൻ, കൺസർവേറ്റർ രാജേഷ് ഗോപാലൻ, ട്രെയിനിങ് ഇൻ ചാർജ് ഡോ.എ.വിജയരാഘവൻ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റും എൻവിസ് കോഓർഡിനേറ്ററുമായ ഡോ.കണ്ണൻ വാരിയർ എന്നിവർ പ്രസംഗിച്ചു.